(17) എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒരു പ്രധാന എഞ്ചിനീയറിംഗ് പഠന ഗവേഷണ സ്ഥാപനമാക്കണമെന്ന ലക്ഷ്യത്തോടുകൂടി സ്ഥാപിച്ചതാണ്. പഠനത്തിനും ഗവേഷണത്തിനുംവേണ്ടിയുള്ള ഈ സെന്റർ ശാസ്ത്രജ്ഞന്മാരില്ലാത്തതുമൂലം യാതൊരു വളർച്ചയുമില്ലാതെ കിടക്കുകയാണ്. കേരളത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, പാലങ്ങൾ, അണക്കെട്ടുകൾ തുടങ്ങിയവയ്ക്ക് ഒരു നിശ്ചിത അനുപാതത്തിൽ കമ്പി, സിമന്റ്, മെറ്റൽ എന്നിവ ചേർക്കുന്നുണ്ടോ, ഉറപ്പും ബലവും ഉണ്ടോ എന്ന് പരിശോധിക്കാനും ആധുനികയുഗത്തിനാവശ്യമായ പുതിയ കണ്ടുപിടിത്തത്തിനുമുള്ള ആ ഗവേഷണസ്ഥാപനം ഇപ്പോൾ പി. ഡബ്ലിയു. ഡി. യിലേയും ഇറിഗേഷൻ വകുപ്പിലേയും എഞ്ചിനീയർമാരേയും ജീവനക്കാരേയും പണിഷ്മെന്റ് ട്രാൻസ്ഫർ നടത്തുന്ന ഒരു സ്ഥാപനമായി മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ സ്ഥാപനം മെച്ചപ്പെടുത്താൻ പ്രത്യേകമായ ശ്രദ്ധചെലുത്തിയെങ്കിലും പുരോഗതി വേണ്ടത്ര അവകാശപ്പെടാൻ കഴിയുകയില്ല. പീച്ചിയിൽതന്നെയുള്ള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെപോലെ ഈ സ്ഥാപനവും ഒരു സ്വതന്ത്ര ഭരണാധികാരമുള്ള ഗവേഷണ സ്ഥാപനമാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): 1958-ലാണ് പീച്ചിയിലെ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. പ്രധാനമായും എട്ട് ഡിവിഷൻ ഇന്നവിടെ ഉണ്ട്. വിവിധ സബ് ജക്ടുകൾ ഡീൽ ചെയ്യുകയാണ്. പി. ഡബ്ലിയു. ഡി., ഇലക്ട്രിസിറ്റിബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രോബ്ലംസ് സോൾവ് ചെയ്യുന്ന നടപടിയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രധാനമായും സ്വീകരിച്ചുവരുന്നത്. അതുകൂടാതെ സെൻട്രൽ ബോർഡ് ഓഫ് ഇറിഗേഷൻ ആൻഡ് പവർ റെഫർ ചെയ്യുന്ന പല പ്രോബ്ലംസും ഇവർ പഠിക്കുകയും റിസർച്ച് നടത്തുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. വാസ്തവത്തിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിന് ബഡ്ജറ്റിൽ എമൗണ്ട് വളരെ കുറവാണ്. അതായത് 25 ലക്ഷം രൂപയേയുള്ളു. ഇതിന്റെ അകിസിഷൻ മാത്രമേ നടന്നിട്ടുള്ളു. കൂടുതൽ തുക കിട്ടുന്നതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ "Powers of an Autonomous Body" ഇറിഗേഷൻ വിംഗിന്റെ കീഴിൽ ചെയ്യുന്നതിനുവേണ്ടി കൺസിഡർ ചെയ്തിട്ടുണ്ട്. തീരുമാനമായിട്ടില്ല.

(18) ചൂരൽതൊഴിലാളികൾക്ക് ചൂരൽ ലഭിക്കാത്തതു കൊണ്ടുള്ള ബുദ്ധിമുട്ട്

ശ്രീ. വർക്കല രാധാകൃഷ്ണൻ : സസ്യശ്യാമളകോമളമാണ് നമ്മുടെ നാട്. ഈ നാട്ടിലെ ഒരു പുരാതന കൈത്തൊഴിലാണ് ചൂരൽനെയ്ത്ത്. ഞാനും അങ്ങും ചൂരൽകൊണ്ടുണ്ടാക്കുന്ന കസേരകളിൽ ഇരിക്കാതിരുന്നിട്ടില്ല. ഈ കൈത്തൊഴിൽ ഉപജീവനമാർഗമായി സ്വീകരിച്ചിരിക്കുന്ന ആയിരത്തിലധികം തൊഴിലാളികളുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly